**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിൽ ഈ വർഷം ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമാണിതെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | ഉണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നതിന്റെ ഫലമായാണ് പൊതുവിദ്യാ ലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളത്. |
| (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചത് മുതൽ പൊതുവിദ്യാലയങ്ങളിൽ എത്ര കുട്ടികൾ അധികമായെത്തിയെന്ന കണക്ക് ലഭ്യമെങ്കിൽ അറിയിക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചത് മുതൽ പൊതുവിദ്യാലയങ്ങളിൽ അധികമായെത്തിയ കുട്ടികളുടെ എണ്ണം അദ്ധ്യയന വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. വർഷം ഗവൺമെന്റ് എയ്ഡഡ് ആകെ 2016-17 28860 82491 111351 2017-18 59852 96713 156565 2018-19 71360 113368 184728 2019-20 65215 98343 163558 2020-21 68742 106129 174871 2021-22 106927 147705 254632 (Provisional) |
| (സി) | പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അക്കാദമിക നിലവാരം ഉയർത്താനുള്ള കർമ്മപരിപാടികൾ വിശദമാക്കാമോ? | (സി) | ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകൽപന ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊതുഗുണത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും സമഗ്രവികാസം ലക്ഷ്യം വച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. അതിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമുള്ളവർക്കും, പഠനത്തിൽ മികവ് പുലർത്തുന്നവരെ മികവിലേക്കെത്തിക്കുന്നതിനും വൈവിധ്യമാർന്ന അക്കാദമിക പദ്ധതികൾ ആവിഷ്കരിച്ചു. ഭാഷാ |

| | | | |
|---|---|---|---|
| | | | വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി' ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ക്യൂ.ഇ.പി), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കി വരുന്നു. അറിവിന്റെ മേഖലയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള വളർച്ചയ്ക്കനുസരിച്ച് ആവശ്യമായ പിന്തുണ 'സമഗ്ര' പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പാഠഭാഗത്തിനും അനുയോജ്യമായ വിനിമയതന്ത്രം സ്വീകരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും അനുയോജ്യമായ ഐ.സി.ടി വിഭവങ്ങളും 'സമഗ്ര'യിൽ ലഭ്യമാണ്. ഇത്തരം പഠന വിഭവങ്ങൾ കാര്യക്ഷമമായി ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ